മിച്ചഭൂമി വിതരണം

6 (603) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭൂരഹിതർക്ക് എത്ര ഏക്കർ മിച്ചഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം അറിയിക്കാമോ ;

(ബി) എത്ര ഏക്കർ മിച്ചഭൂമി വിതരണം ചെയ്യുവാനായി സർക്കാരിന്റെ പക്കൽ നിലവിലുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ)	ജില്ല	വിസ്തീർണ്ണം (ഏക്കർ)
	കാസർഗോഡ്	13
	കണ്ണൂർ	161
	വയനാട്	ഇല്ല
	കോഴിക്കോട്	2
	മലപ്പുറം	37
	പാലക്കാട്	110
	തൃശ്ശൂർ	ഇല്ല
	എറണാകുളം	"
	ഇടുക്കി	"
	കോട്ടയം	"
	ആലപ്പുഴ	"
	പത്തനംതിട്ട	"
	കൊല്ലം	14
	തിരുവനന്തപുരം	ഇല്ല

(ബി) 2920 ഏക്കർ

പുറമ്പോക്ക് ഭൂമി വിതരണം

7 (604) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര പുറമ്പോക്ക് ഭൂമി ഉണ്ടെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് വെളിപ്പെടുത്തുമോ ;

(ബി) ഇത്തരം പുറമ്പോക്ക് ഭൂമിയിൽ ഇതുവരെ ആകെ എത്ര ഭൂമി ആദിവാസികൾക്ക് വിതരണം നടത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം പുറമ്പോക്ക് ഭൂമി ആദിവാസികൾക്ക് പതിച്ച് നൽകുന്നതിന് പ്രത്യേക മാനദണ്ഡം എന്തെങ്കിലും പാലിക്കാറുണ്ടോ ?

ഉത്തരം

(എ) കണക്കാക്കിയിട്ടില്ല.

(ബി) 5072.7277 ഹെക്ടർ പുറമ്പോക്ക് ഭൂമി ആദിവാസികൾക്ക് പതിച്ചു നൽകിയിട്ടുണ്ട്.

(സി) പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ആദിവാസികൾക്ക് മാത്രമായി നിഷ്കർഷിച്ചിട്ടില്ല. പഞ്ചായത്ത് പ്രദേശങ്ങളിൽ 1964-ലെ കേരള ഭൂമി പതിവു ചട്ടങ്ങൾ പ്രകാരവും, മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 1995-ലെ ഭൂമി പതിവു ചട്ടങ്ങൾ പ്രകാരവുമാണ് പുറമ്പോക്ക് ഭൂമി പതിച്ചു നൽകുന്നത്. 1964-ലെ ചട്ടങ്ങൾ (ചട്ടം 7 (2) (1) പ്രകാരം കൈവശത്തിലല്ലാത്ത പുറമ്പോക്ക് ഭൂമി പതിച്ചു നൽകുമ്പോൾ മൊത്തം ഭൂമിയുടെ 25 ശതമാനത്തിൽ കുറയാത്ത അളവിൽ അപേക്ഷകരുടെ ലഭ്യതയ്ക്കു വിധേയമായി പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് പതിച്ചു നൽകുന്നതാണ്. ചട്ടം 10(5) പ്രകാരം ഭൂമി വില, സർവ്വേ, ഡീമാർക്കേഷൻ ചാർജ്ജുകൾ, ഭൂമി പതിവ് കുടിശ്ശിക ഇവ ഈടാക്കാതെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഭൂമി പതിച്ചു നൽകുന്നു. 1995-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം (ചട്ടം 4 (1) (ബി) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ വീട് വയ്ക്കുന്നതിന് ഭൂമി പതിച്ചു നൽകുമ്പോൾ അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം പരിഗണിച്ച് സർക്കാർ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന ഇളവ് നിരക്ക് ഈടാക്കി പതിച്ചു നൽകുന്നു. കൂടാതെ ഇത്തരം അപേക്ഷകരുടെ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള കുടുംബ വാർഷിക വരുമാനം 24,000 രൂപയിൽ താഴെയാണെങ്കിൽ സർവ്വേ ഡീമാർക്കേഷൻ ചാർജ്ജുകൾ അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. (ചട്ടം 13നുള്ള ഭേദഗതി) ഓരോ വില്ലേജിലും പതിച്ചു നൽകുവാൻ ലഭ്യമായ ഭൂമിയുടെ 25 ശതമാനം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി നീക്കിവയ്ക്കണമെന്നും ചട്ടം 6 (3) അനുശാസിക്കുന്നു.

കൂടാതെ ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകുന്നതിനായി 2001-ലെ കേരള പട്ടികവർഗ്ഗക്കാർ സർക്കാർ ഭൂമി പതിച്ചു നൽകുന്നതിനുള്ള ചട്ടങ്ങൾ എന്ന പേരിൽ ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

മലയോര കർഷകർക്ക് പട്ടയവിതരണം

8 (605) ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. മുരളി :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയോര കർഷകർക്ക് പട്ടയ വിതരണം നടത്തുന്നതിനുണ്ടായിരുന്ന തടസ്സങ്ങൾ എന്തെല്ലാമായിരുന്നു ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly